9

# നമ്മുടേത് സ്നേഹിക്കുന്ന ദൈവം

“നമ്മുടെ ദൈവം ധാർമ്മികൻ” എന്ന പാഠത്തിൽ, നാം ദൈവത്തിന്റെ അടിസ്ഥാനപരവും, ഉയർന്നതുമായ സ്വഭാവം ആണ് വിശുദ്ധി എന്നും, അവൻ വിശുദ്ധനാകയാൽ നാമും വിശുദ്ധരാകേണ്ടതിനു നമ്മെ വിളി ച്ചിരിക്കുന്നു എന്നു നാം പഠിച്ചു. അവന്റെ മറ്റെല്ലാ ഗുണങ്ങളേയും പോലെ ഈ ഗുണവും, അവന്റെ ദൈവിക പ്രകൃതിയുടെ ഭാഗമാണ്. ദൈവത്തിൽ നിന്നല്ലാതെ നമുക്ക് അതിന്റെ പൂർണ്ണത ഗ്രഹിക്കാൻ സാധ്യമല്ല. അവൻ നമുക്കു പ്രദർശിപ്പിച്ചിരിക്കുന്നതിന്റെ എല്ലാം അടി സ്ഥാനം അതാണ്. അവൻ വിശുദ്ധനാ*കയാൽ* ധാർമ്മികമായി പ്രവർത്തിക്കുക എന്നതു അവന്റെ സ്വഭാവമാണ്.

ദൈവത്തിന്റെ മറ്റൊരു സ്വഭാവഗുണം സ്നേഹമാണ്. വിശു ദ്ധിപോലെ, സ്നേഹവും അതിന്റെ പൂർണ്ണത ദൈവത്തിൽ മാത്രമെ കാണുവാൻ കഴിയുകയുള്ളു. സ്നേഹിക്കുക എന്നതു ദൈവ സ്വഭാവ ത്തിന്റെ ഭാഗം തന്നെയാണ് എന്നു നാം വായിക്കുന്നു, “ദൈവം സ്നേഹം തന്നെ” (1 യോഹന്നാൻ 4:8).

### അവന്റെ സ്നേഹം വിശദീകരിച്ചു

ദൈവത്തിന്റെ തികഞ്ഞ സ്നേഹത്തെ സംസാരിക്കുന്നതിൽ മനു ഷ്യർക്ക് കുഴപ്പം നേരിടുകയാണ്. *എന്തിനെ കുറിച്ചായാലും* തികഞ്ഞ രീതിയിൽ സംസാരിക്കുവാൻ നമുക്ക് ബുദ്ധിമുട്ട് ഉണ്ട്. പൂർണ്ണതയാൽ വാസ്തവത്തിൽ, നാം ലജ്ജിക്കപ്പെടാറുണ്ട്. പൂർണ്ണതയെ കുറിച്ചുള്ള നമ്മുടെ സംസാരത്തിൽ, നാം എത്തിച്ചേരുന്നതു നമ്മുടെ അപൂർണ്ണ തയിലാണ്. “ഞാൻ *വിശുദ്ധനല്ല*, എങ്കിലും ... ”? എന്ന പദപ്രയോഗം വാക്കുകളിലും, പ്രവൃത്തികളിലും, ലക്ഷ്യങ്ങളിലും മറ്റൊരാളെ ആക്ര മിക്കുന്നതു പലപ്പോഴും നാം കേട്ടിട്ടുണ്ടല്ലൊ.

“ഗുണങ്ങളെ,” സംബന്ധിച്ചു ആകുമ്പോൾ, നമുക്ക് എല്ലാം പരിമി തികളുണ്ട്. അതു എല്ലായ്പോഴും വാസ്തവമാണ്. ചരിത്രത്തിലുടനീളം ഉൽക്കണ്ഠ വരുത്തുന്ന വിഷയം ആയിരുന്നു ഗുണം. ബി.സി. നാലാം

നൂറ്റാണ്ടിൽ ഗ്രീക്കുകാർ മൗലികമായി നാലു ഗുണങ്ങളിൽ വിശ്വസിച്ചിരുന്നവരായിരുന്നു ജ്ഞാനം, ധൈര്യം, മിതഭക്ഷണവും ന്യായവും.[1] ക്രിസ്തീയ കാലഘട്ടത്തിന്റെ മദ്ധ്യകാലത്തിൽ, പാണ്ഡിത്യജംഭമുള്ളവർ ''സ്വാഭാവികം'' എന്നതിനേക്കാൾ ഉയർന്നതായിട്ടാണ് കണ്ടത്; വിശ്വാസം, പ്രത്യാശ, *സ്നേഹം* എന്നിവയാണ് "വേദശാസ്ത്ര" ഗുണങ്ങൾ.

ബൈബിളിലെ ഗുണങ്ങൾ അവലോകനം നടത്തിയാൽ വളരെയധികം ഉൾപ്പെട്ടിരിക്കുന്നതായി കാണാം. ദാവീദിന്റെ ദു:ഖകരമായ ശബ്ദം നമുക്ക് എടുക്കാം: "ദൈവമേ, നിർമ്മലമായ ഒരു ഹൃദയം എന്നിൽ തരേണമേ, ..." പത്രൊസിന്റെയും വാക്കുകൾ നമ്മിൽ മാറ്റൊലി ഉയർത്തുന്നു, "കർത്താവേ, 'ഞാൻ പാപിയായ മനുഷ്യൻ ആകകൊണ്ടു എന്നെ വിട്ടുപോകേണമേ എന്നു പറഞ്ഞു'" (ലൂക്കൊസ് 5:8). ക്രിസ്തീയ യോഗ്യതയിൽ പുതിയ നിയമത്തിൽ പറഞ്ഞ രണ്ടു മുഖ്യഗുണങ്ങളായ ഗുണവും *സ്നേഹവും* ഒത്തിണങ്ങിയിരിക്കുന്നു എന്നു നിരീക്ഷിക്കാം:

> ഒടുവിൽ, സഹോദരന്മാരേ, സത്യമായതു ഒക്കെയും, ഘനമായതു ഒക്കെയും, നീതിയായതു ഒക്കെയും നിർമ്മലമായ *രമ്യമായതു* ഒക്കെയും [*പ്രോസ്ഫിലേസ്*], സൽക്കീർത്തിയായതു, ഒക്കെയും സൽഗുണമോ [*അരേറ്റേ* = സൽഗുണം, സൽകീർത്തി] പുകഴ്ച്ചയോ അതു ഒക്കെയും, ചിന്തിച്ചുകൊൾവിൻ (ഫിലിപ്പിയർ 4:8; എംഫസിസ്മൈൻ).

> ... അതു നിമിത്തം തന്നേ, നിങ്ങൾ സകല ഉത്സാഹവും കഴിച്ചു [അരേറ്റ = സൽഗുണം, ധാർമിക ശ്രേഷ്ഠത], നിങ്ങളുടെ വിശ്വാസത്തോടു വീര്യവും വീര്യത്തോടു പരിജ്ഞാനവും [അരേറ്റ = സൽഗുണം, ധാർമിക ശ്രേഷ്ഠത], പരിജ്ഞാനത്തോടു, ഇന്ദ്രിയ ജയവും, ഇന്ദ്രിയ ജയത്തോടു സ്ഥിര - തയും, സ്ഥിരത - യോടു ഭക്തിയും, ഭക്തിയോടു സഹോദരപ്രീതിയും; [*ഫിലാദെൽഫിയ*] സഹോദര പ്രീതിയോടു [*ഫിലാദെൽഫിയ*] സ്നേഹവും, [*അഗാപ്പേ*] കൂട്ടിക്കൊൾക (2 പത്രൊസ് 1:5-7; എംഫസിസ്മൈൻ).

ധാർമ്മികതയും സ്നേഹവും ഒരുമിച്ചു പോകണം, ആ മഹത്തായ ഗുണങ്ങളിൽ നാമും ചേരണം. ഇതാണ് ക്രിസ്ത്യാനികളായ നമുക്കു വെല്ലുവിളി.

രണ്ടു ദിശകളിൽ നിന്നാണ് നമ്മുടെ അപര്യാപ്തത പൊതുവായി നമ്മിൽ തോന്നിയിട്ടുള്ളത്: "സ്നേഹം" എന്നതിന്റെ അർത്ഥം നഷ്ടപ്പെട്ടവിധത്തിലാണ്, ഒന്നാമത് നാം ജീവിക്കുന്ന ലോകം, നമ്മുടെ ഭാഷ നമ്മെ തള്ളിപ്പറയുകയാണ്: "ഞാൻ ഐസ്ക്രീം ഇഷ്ടപ്പെടുന്നു"; "ഞാൻ ദൈവത്തെ സ്നേഹിക്കുന്നു"; "ഞാൻ വേണ്ട വിധത്തിൽ നിങ്ങളെ സ്നേഹിക്കുന്നു"; "മുകളിലെ കാണപ്പെടാത്ത കാര്യങ്ങൾ മുകളിലുള്ള കഥ പറയുവാൻ ഞാൻ ഇഷ്ടപ്പെടുന്നു"; "ഞാൻ എന്റെ കാറിനെയും ഇഷ്ടപ്പെടുന്നു" രണ്ടാമത്, ആളുകളോടും വസ്തുക്ക

ളോടും ഉള്ള "സ്നേഹം" എന്നതു മനസ്സിലാക്കലിന്റെ അഭാവം ഉള്ള തുകൊണ്ട് നാം ദൈവസ്നേഹത്തെ നിഗൂഢമാക്കുന്നു, മർമ്മം തീർച്ച യായും വലുതാണ്, നല്ലതുമാണ്; മാനുഷനിലവാരത്തിലുള്ള സ്നേഹ ത്തിന്റെ അർത്ഥം മനസ്സിലാക്കുന്നതിൽ നാം പരാജയപ്പെട്ടാൽ, നമുക്ക് ദൈവത്തിന്റെ "നിലയിൽ" എങ്ങനെ കാര്യങ്ങൾ ചെയ്യും?

ഈ വ്യസനിപ്പിക്കുന്ന ചോദ്യം മനസ്സിലാക്കുവാൻ ഒരു വഴിയുണ്ട്, പൗലൊസ് പ്രാർത്ഥിച്ചിരിക്കുന്നു,

> ... *ക്രിസ്തു വിശ്വാസത്താൽ, നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിനും വരം നല്കേണം,* എന്നും നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി വീതിയും നീളവും ഉയരവും ആഴവും, എന്തു എന്നു സകല വിശുദ്ധന്മാരോടും കൂടെ ഗ്രഹിപ്പാനും പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിൻ *സ്നേഹത്തെ അറിവാനും* പ്രാപ്തരാകയും, ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞു വരികയും വേണം എന്നു പ്രാർത്ഥിക്കുന്നു (എഫെസ്യർ 3:17-19; എംഫസിസ്മൈൻ).

നമ്മുടെ ഭാഗത്തു നിന്നു അതിനു മൂന്നു പ്രവൃത്തികൾ ഉണ്ടാവണം: പ്രാർത്ഥന, പഠനം, പരിശീലനം എന്നിവയാണ്. പ്രാർത്ഥനയില്ലാത്ത ദൈവസ്നേഹാന്വേഷണം വൃഥാവായിരിക്കും. വിജയകരമായ അന്വേഷണത്തിനു പ്രാർത്ഥനയും താഴ്മയും ആവശ്യമാണ്. എങ്ങനെയായാലും, പ്രാർത്ഥന മാത്രം പോരാ.

ദൈവ സ്നേഹം നന്നായി മനസ്സിലാക്കുവാൻ ദൈവ വചന പഠനം ആവശ്യമാണ്. നമ്മുടെ ബുദ്ധി ഉപദേശത്തിനു വേണ്ടി എഴുതപ്പെട്ടതാണ് അവന്റെ വചനം (റോമർ 15:4), ദൈവ വഴിയിൽ നാം പ്രകാശിതരാകുവാൻ നാം ദൈവവചനം പഠിക്കണം (2 തിമൊഥെയൊസ് 3:15). ദൈവത്തിന്റെ ധാർമ്മിക ശ്രേഷ്ഠത, സർവ്വവ്യാപിത്വം, സർവ്വജ്ഞം, സർവ്വശക്തി എന്നിവ നാം പഠിച്ചു കഴിഞ്ഞു. ദൈവത്തിന്റെ ഈ സ്വഭാവവിശേഷതകൾക്കു പരിമിതികളില്ല എന്നു നാം ശ്രദ്ധിക്കുകയുണ്ടായി. ദൈവത്തിലുള്ള സ്നേഹവും പരിമിതിയില്ലാത്തതാണ്. തന്റെ ജനത്തോടുള്ള അവന്റെ സ്നേഹം നിത്യമാണെന്നു പറഞ്ഞിട്ടുണ്ട്, എന്നേക്കും ഉള്ളതാണ് (1 രാജാക്കന്മാർ 10:9; യിരെമ്യാവു 31:3; റോമർ 8:35-39).

ദൈവത്തിന്റെ നിത്യ സ്നേഹ സ്വഭാവം ഒരു ചോദ്യത്തെ ഉയർത്തുന്നു. മനുഷ്യരെ സൃഷ്ടിക്കുന്നതിനു മുൻപു ദൈവം ആരെ സ്നേഹിച്ചിരുന്നു? കാലത്തിനു മുൻപു, ഗുളികയിൽ നാം നമ്മെ കാണുന്നതിനു മുൻപു, - ദൈവം ഉണ്ടായിരുന്നു (യെശയ്യാവു 57:15). നമ്മുടെ മുൻപിലുള്ള ചോദ്യം പ്രസക്തിയുള്ളതാണ്, ഉത്തരം നിർണ്ണായകമാണ്. ചോദ്യം വിശ്വസനീയമാണ് കാരണം, അതിന്റെ ആവശ്യകതയിൽ, സ്നേഹിക്കുവാനുള്ള ഒരു വസ്തു അന്തർലീനമായിരിക്കുന്നു. ഉത്തരം നിർണ്ണായകമാണ് കാരണം അതിൽ ദൈവികത്വത്തിൽ വ്യക്തികൾ ഉൾപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ തികഞ്ഞ സ്നേഹം സൃഷ്ടിക്കു

മുൻപു ഉണ്ടായിരുന്നതുകൊണ്ട്, ഈ സ്നേഹം സ്വതന്ത്രമായി – സ്വയ – ആശയവിനിമയത്തിലൂടെ പിതാവിനും, പുത്രനും, പരിശുദ്ധാത്മാവിനും ഇടയിൽ ഒഴുകിക്കൊണ്ടിരുന്നു. താൻ പിതാവിനോട് പ്രാർത്ഥിച്ചപ്പോൾ, യേശു ഒരു സ്പർശിക്കയുമായി അവൻ പറഞ്ഞു, "പിതാവേ, നീ ലോക സ്ഥാപനത്തിനു മുമ്പെ എന്നെ സ്നേഹിച്ചിരിക്കകൊണ്ടു എനിക്കു നല്കിയ മഹത്വം നീ എനിക്കു തന്നിട്ടുള്ളവൻ കാണേണ്ടതിന്നു ഞാൻ ഇരിക്കുന്ന ഇടത്തു അവരും എന്നോടുകൂടെ ഇരിക്കണം എന്നു ഞാൻ ഇഛിക്കുന്നു" (യോഹന്നാൻ 17:24). പിന്നെ, ദൈവം സ്വതന്ത്രനായി തന്നോടു തന്നെ സംസാരിച്ചു മുഴുവൻ, ധ്യാനത്തിലും, തന്നെത്തന്നെ പൂർണ്ണമായും പകർന്നു കൊടുക്കുകയും ചെയ്തു.

ഇതാണ് തികഞ്ഞ അർത്ഥത്തിൽ ദൈവ സ്നേഹം, പൂർണ്ണയോജിപ്പു, അതിരില്ലാത്ത സമാധാനം, ഉന്നതമായ സ്വയേഛ, സ്വസ്ഥമായ – അവ്യയത്വം,[2] വിശുദ്ധ അനുഗ്രഹങ്ങൾ എന്നിവ വിശുദ്ധത്ത്വത്തിലെ പശ്ചാത്തലം ആകുന്നു. ഇതാണ് ദൈവത്തിന്റെ തികെഞ്ഞ സ്നേഹം; സ്നേഹിക്കുവാനുള്ള വസ്തു അവനിൽ തന്നെയുണ്ട്.

## അവന്റെ സ്നേഹം വിപുലമാക്കി

തന്റെ വലിയ സ്നേഹം തന്നിൽ തന്നെ സൂക്ഷിക്കുകയല്ല; അതു സകർമ്മകമാണ്. അതായതു, തനിക്കു സ്നേഹിക്കുവാനുള്ള വസ്തു പുറത്തുമുണ്ട്. ജീവനുള്ള ദൈവം നമുക്കു ജീവൻ നല്കുന്നതുപോലെ പൂർണ്ണവാനായ ദൈവം സത്യത്തെയും നല്കുന്നു, സ്നേഹിക്കുന്ന ദൈവം തന്നെത്തന്നെ നമുക്കു നല്കുകയാണ്! നമുക്കായി പകരുന്ന ദൈവ സ്നേഹത്തെ നാം അഭിമുഖീകരിക്കുമ്പോൾ, അതു നമുക്കു പരിചയമുള്ള ഒരു സ്നേഹമല്ല എന്നു കാണാം. ദൈവത്തിന്റെ ഭയങ്കര ശക്തിയെ കുറിച്ചു നാം ചിന്തിക്കുമ്പോൾ, അവന്റെ ബുദ്ധിയേയും, ജ്ഞാനത്തെയും അടുത്ത സാന്നിധ്യത്തെയും കുറിച്ചു ചിന്തിക്കുമ്പോൾ നാം ആശ്വസിച്ചേക്കാം, കാരണം അതെല്ലാം പ്രവർത്തിക്കുന്നത്, അവന്റെ വിശുദ്ധി, നിർമ്മലത, ധാർമ്മികത്വം "സന്മാർഗ്ഗികം" എന്നിവയുടെ കുടക്കീഴിലാണ്. ദൈവം സ്നേഹിക്കുന്നവനാണ് എന്ന തിരിച്ചറിയൽ നമ്മെ വിശ്രമിപ്പിക്കുന്നു കാരണം ദൈവ സ്നേഹം, അവന്റെ വിശുദ്ധിയുടെ പ്രകടനമാണ്, എന്നു തന്നെ പറയാം.

അത്തരം സ്നേഹമുള്ള ഒരു ദൈവം നമുക്കുള്ളതിൽ ഹൃദയസ്പർശത്തോടെ നമുക്കു നന്ദി ചെലുത്താം. എങ്ങനെയായാലും, നമ്മോടുള്ള അവന്റെ സ്നേഹത്തിനും നമുക്കു അവനോടുള്ള സ്നേഹത്തിനും മദ്ധ്യേ തെറ്റിദ്ധരിപ്പിക്കുന്ന ഒരു വിടവു ഇപ്പോഴും ഉണ്ട്. യേശുവിന്റെ ശിഷ്യന്മാർക്കു പ്രാർത്ഥന തോന്നിയതു പോലെയാണ് അവന്റെ സ്നേഹത്തെ നമുക്കു തോന്നുന്നത്. ഒരവസരത്തിൽ യേശു പ്രാർത്ഥിച്ചു കഴിഞ്ഞപ്പോൾ, ശിഷ്യന്മാരിൽ ഒരാൾ അവനോടു, "കർത്താവേ, ഞങ്ങളെ പ്രാർത്ഥിപ്പാൻ പഠിപ്പിക്കേണമേ" എന്നു പറഞ്ഞു (ലൂക്കൊസ് 11:1). ലോക പ്രകാരമുള്ള ചിന്ത കൈവെടിഞ്ഞാലേ നമുക്കു ദൈവസ്നേഹം സ്വീകരിക്കാനൊക്കു. അവന്റെ

സ്നേഹ നിർദ്ദേശത്തോടു പ്രതികരിക്കുവാൻ നമ്മുടെ മനസ്സുകൾ ദൈവമനസ്സോടുകൂടെ ചിന്തിക്കണം.

ആദ്യം, നാം തിരിച്ചറിയേണ്ടത് "ക്രിസ്തീയ അർത്ഥത്തിൽ, സ്നേഹം എന്നതു, വികാരം എന്ന് അർത്ഥമാക്കരുത്. അതു തോന്നലുകൾ എന്ന അവസ്ഥയല്ല മറിച്ചു ഇഛയുടേതാണ് ..."[3] നാം വളർന്നു വന്ന സമൂഹം സ്നേഹത്തെ ഭോഗാസക്തിക്കു തുല്യമായി കാണുന്നതുകൊണ്ട് ഇതു നമ്മിൽ ഞെട്ടൽ ഉളവാക്കിയേക്കാം. സ്നേഹത്തെ 60 ശതമാനവും ലൈംഗിംകബന്ധത്തിൽ കാണുന്ന സമൂഹത്തിൽ ദൈവിക സ്നേഹം മന സ്സിലാക്കി അനുമോദിക്കാൻ കഴിയണമെങ്കിൽ വളരെ ദൂരെ പോകണം. *ഇറോസ്* എന്ന വാക്ക് പുതിയ നിയമത്തിൽ ഇല്ലെങ്കിലും, ഇറോട്ടിസത്തിന്റെ അപകടം മുന്നറിയിച്ചിട്ടുണ്ട് (മത്തായി 5:27-29; 1 കൊരിന്ത്യർ 6:18-20).

തീർച്ചയായും, സ്നേഹം ദൈവത്താൽ അംഗീകരിക്കപ്പെടേണ്ടതിന്നു അതിനേക്കാൾ ഉയർന്ന നിലവാരത്തിൽ പ്രകടിപ്പിക്കണം. മനുഷ്യവർഗ്ഗം പെരുകേണ്ടതിനും അടുത്തു ലൈംഗിക ബന്ധത്തിൽ സ്നേഹം പ്രക ടപ്പിക്കുന്നതിനും ഉള്ള ഒന്നാണ് ദൈവം വെച്ചിരിക്കുന്ന വിവാഹ സ്ഥാപ നം. ദൈവം പദ്ധതി ഒരുക്കിയതുപോലെ ഒരു വിവാഹം പ്രാവർത്തിക മാക്കിയാൽ, അതു അവന്റെ സന്നിധിയിൽ ക്രിസ്തുവും അവന്റെ സഭയും പോലെയായി (എഫെസ്യർ 5:22-33).

സൗഹൃദബന്ധം മറ്റൊരു മനോഹര സ്നേഹപ്രകടനം ആണ്. വാസ്തവത്തിൽ യേശു പറഞ്ഞു, "സ്നേഹിതന്മാർക്കു ജീവനെ കൊടു ക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കും ഇല്ല" (യോഹന്നാൻ 15:13). *ഫിലോസ്* എന്ന നാമം, പുതിയ നിയമത്തിൽ ഡസ്സൻ കണക്കിനു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്, സാധാരണ സൗഹൃദത്തെ സൂചിപ്പിച്ചാണ് ഉപയോഗിച്ചിട്ടുള്ളത് (യോഹന്നാൻ 11:11; ലൂക്കൊസ് 12:4). ഫിലെയോ എന്ന ക്രിയ, തിരുവെഴുത്തിൽ അടിക്കടി ഉപയോഗിച്ചിട്ടുള്ളത്, സ്നേഹിതന്മാരോടുള്ള സ്നേഹത്തെ സൂചിപ്പിച്ചിരിക്കുന്നു (യോഹ ന്നാൻ 11:15), മാതാപിതാക്കളുടെ സ്നേഹത്തെയും സൂചിപ്പിച്ചിട്ടുണ്ട് (മത്തായി 10:37).

### അവന്റെ സ്നേഹം പ്രദർശിപ്പിച്ചു

സ്നേഹം ആകുന്ന, നമ്മുടെ ദൈവം കാണിച്ചതാണ് ഏറ്റവും ഉയർന്ന നിലവാരമുള്ള സ്നേഹം (1 യോഹന്നാൻ 4:8). *അഗാപ്പെയോ* എന്നതു പുതിയ നിയമത്തിൽ നൂറുകണക്കിനു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. ഈ സ്നേഹം നമ്മെ ഏറ്റവും ഉയർന്ന ജീവിത പീഠഭൂമിയിലേക്കാണ് വിളി ക്കുന്നത് അതിന്റെ ഉറവിടം സ്വർഗ്ഗമാണ് രൂപപ്പെടുത്തിയിരിക്കുന്നത് നമ്മെ അവിടേക്ക് കൊണ്ടുപോകുന്നതിനാണ്. അതു വേർതിരിച്ചെടുക്കാവുന്ന ഒന്നല്ല. അതു വെറുമൊരു സ്വീനമല്ല. ദൈവത്തിനു നമ്മോടുള്ള സ്നേഹം പ്രധാനപ്പെട്ടതും, ജീവിക്കുന്ന മനോഭാവവും ആണ്.

അവന്റെ പുത്രനായ ക്രിസ്തുവിനെ, ദൈവത്തിന്റെ വലിയ സ്നേഹ മായി നല്കിയതു - ചരിത്രത്തിലെ വലിയ സ്നേഹപ്രദർശനം ആയിരു ന്നു. അതു സർവ്വവും - നല്കുന്ന സ്നേഹം ആയിരുന്നു. അതു *അഗാപ്പെ*, എല്ലാം - നല്കുന്ന സ്നേഹം. "തന്റെ ഏകജാതനായ പുത്രനിൽ വിശ്വ

സിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു, ദൈവം അവനെ നല്കുവാന്തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹന്നാൻ 3:16; എംഫസിസ്മൈൻ). യേശുവിനെ ഇങ്ങനെ നല്കിയതു പിതാവിനു നമ്മോടുള്ള സ്നേഹം മാത്രമല്ല, പുത്രനു പിതാവിനോടും ഉള്ള സ്നേഹമായി കാണിക്കുന്നു. അതീവ ദു:ഖത്തോടെ യേശു ഗദ്ശമനെ തോട്ടത്തിൽ, പിതാവിന്റെ ഇഷ്ടം നടക്കട്ടെ എന്നു പ്രാർത്ഥിച്ചു. അവൻ തന്നെത്താൻ ഏല്പിച്ചു കൊടുത്തു. ഇതാണ് ഭൂമിയുടെ ഉണ്ടായിട്ടുള്ള ഏറ്റവും വലിയ സ്നേഹം – കർത്താവായ ക്രിസ്തു നിമിത്തം പിതാവിന്നു നമ്മെത്തന്നെ പൂർണ്ണമായും; സ്വയമായി കർത്താവിനെ ഏല്പിച്ചു കൊടുക്കണം.

> നാം ദൈവത്തെ സ്നേഹിച്ചു, അവന്റെ കല്പനകളെ അനുസരിച്ചു നടക്കുമ്പോൾ, ദൈവമക്കളെ സ്നേഹിക്കുന്നു; എന്നു അതിനാൽ അറിയാം (1 യോഹന്നാൻ 5:2, 3).

---

കുറിപ്പുകൾ

[1]പ്ലാറ്റോ *ദ റിപ്പബ്ലിക്* 427 ഇ – 29 ആ. [2]"ഇമ്മൂട്ടബിലിറ്റി" ദൈവത്തിന്റെ ഇളകാത്ത വിരൽ ചൂണ്ടുന്നു. [3]സി. എസ്. ലൂയിസ്, *മോർ ക്രിസ്റ്റ്യാനിറ്റി* (ന്യൂയോർക്ക്: മാക്ബില്ലൻ കമ്പനി, 1960), 115.

© 2009 Truth for Today